"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 01.03.2025

# "ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-രണ്ട് മാസത്തിൽ 21 പേർ വിജിലൻസ് പിടിയിൽ.

"ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-ന്റെ ഭാഗമായി ഇക്കഴിഞ്ഞ ഫെബ്രുവരി മാസം മാത്രം 9 കേസ്സുകളിലായി 12 പേരെയാണ് വിജിലൻസ് കൈയ്യോടെ പിടികൂടിയത്. ജനുവരി മാസം 8 കേസ്സുകളിലായി 9 പേരെയും അറസ്റ്റ് ചെയ്തിരുന്നു. ഈ വർഷം ഇതുവരെ 17 കേസ്സുകളിൽ ആകെ 21 പേർ വിജിലൻസിന്റെ വലയിൽ കുടുങ്ങി. അറസ്റ്റ് ചെയ്തവരിൽ 11 പേർ റവന്യൂ ഉദ്യോഗസ്ഥരും, 2 പേർ പോലീസ് ഉദ്യോഗസ്ഥരും, വാട്ടർ അതോറിറ്റി, ആരോഗ്യം, സർവ്വേ, തദ്ദേശ സ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളിൽ നിന്നും ഓരോരുത്തർ വീതവുമാണ്. ഇത് കൂടാതെ 3 ഏജന്റുമാരെയും വിജിലൻസ് അറസ്റ്റ് ചെയ്യുകയുണ്ടായി. "ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-ന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ കൈക്കൂലി വിദഗ്ദന്മാരായ 200 ഓളം പേരുടെ ഒരു ലിസ്റ്റ് വിജിലൻസ് തയ്യാറാക്കിയിട്ടുള്ളതായും അത്തരക്കാരെ നിരന്തരം നിരീക്ഷിച്ചുവരുന്നതായും വിജിലൻസ് ഡയറക്ടർ ശ്രീ.യോഗേഷ് ഗുപ്ത ഐ.പി.എസ് അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.